# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4390
## 25-10-2016 ലെ മറുപടിക്ക്

### ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

| ചോദ്യം<br>ശ്രീ. പി.കെ. ബഷീർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് കണ്ടെത്തുന്നതിന് ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് കണ്ടെത്തുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ നിക്ഷേപ നിധി കൈകാര്യം ചെയ്യുന്നതിനായി 1999 -ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് (2000 ലെ ആക്ട് 4) പ്രകാരം കിഫ്ബി 11-11-1999 ൽ നിലവിൽ വന്നു. 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആക്കം കൂട്ടുന്നതിനായി നിരവധി നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ മുഖ്യ അടിസ്ഥാന വികസന പദ്ധതികളുടെ സൂക്ഷ്മ പരിശോധനയ്ക്കും അംഗീകാരത്തിനും ധനസഹായത്തിനും കിഫ്ബിയെ ഒരു കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുവാൻ ഈ ബഡ്ജറ്റ് നിർദ്ദേശിക്കുന്നുണ്ട്. ഇപ്രകാരം 19.08.2016 ലെ ഓർഡിനൻസ് നം. 6/2016 ലൂടെ 1999 ലെ കിഫ് ആക്ട് ഭേദഗതി ചെയ്യുകയും 19.08.2016 ലെ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഭേദഗതി കിഫ്ബിയെ സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായുള്ള ധന സമാഹരണത്തിന് സംസ്ഥാന |

| | |
|---|---|
| | സർക്കാരിന്റെ ഒരു കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുവാൻ പ്രാപ്തമാക്കുന്നു. |
| **(ബി)** പ്രസ്തുത ബോർഡിന്റെ മെമ്പർമാരെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഭേദഗതി ചെയ്ത കിഫ് ഓർഡിനൻസ് പ്രകാരം ബോർഡിൽ ബഹു. കേരള മുഖ്യമന്ത്രി ചെയർപേഴ്സണും ബഹു. ധനകാര്യ വകുപ്പ് മന്ത്രി വൈസ് ചെയർപേഴ്സണുമായിരിക്കും. ബോർഡിലെ മറ്റംഗങ്ങളുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.<br>1. സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാൻ.<br>2.ചീഫ് സെക്രട്ടറി<br>3.സെക്രട്ടറി (നിയമം)<br>4.സെക്രട്ടറി (ധനകാര്യം)<br>5.സെക്രട്ടറി (ധനകാര്യ – റിസോഴ്സസ്)<br>6.ധനകാര്യം, സാമ്പത്തിക ശാസ്ത്രം, ബാങ്കിംഗ്, എന്നിവയിൽ ഒന്നോ അതിലധികമോ മേഖലകളിൽ ദേശീയ പ്രശസ്തിയുള്ള ഒരു സ്ഥാപനത്തിൽ പ്രവർത്തിച്ചിട്ടുള്ള വിദഗ്ധരായ ഏഴ് സ്വതന്ത്ര അംഗങ്ങൾ .<br>7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - മെമ്പർ സെക്രട്ടറി<br>ഇതു കൂടാതെ, പ്രസ്തുത ഓർഡിനൻസിന്റെ 4-ാം വകുപ്പിനു കീഴിലെ 4-ാം ഉപ ഖണ്ഡ പ്രകാരം ബോർഡിന് ചെയർപേഴ്സന്റെ വിവേചനാനുസരണം, ബോർഡിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി പരിഗണിക്കപ്പെടുന്ന പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിയെയോ, വകുപ്പ് സെക്രട്ടറിയേയോ യോഗത്തിൽ പങ്കെടുക്കുന്നതിനായി ക്ഷണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**